## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 569** **09/07/2012 -ൽ മറുപടിക്ക്**

## ഒന്നാം ക്ലാസ് പ്രവേശനം നേടിയ കുട്ടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക.<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ ഈ വർഷം ഒന്നാം ക്ലാസ് പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര; | (എ) | 2012-13 അദ്ധ്യയന വർഷത്തിൽ സർക്കാർ വിദ്യാലയങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. 2542 കുട്ടികൾ കുറഞ്ഞു. |
| (ബി) | എയിഡഡ്, അൺഎയിഡഡ് സ്കൂളുകളിൽ ഈ കാലയളവിൽ എത്ര കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്; | (ബി) | 2012-13 അദ്ധ്യയന വർഷത്തിൽ എയിഡഡ് വിഭാഗത്തിൽ 169548 ഉം അൺഎയിഡഡ് വിഭാഗത്തിൽ 42973 കുട്ടികളും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടി. |
| (സി) | സർക്കാർ സ്കൂളുകളിൽ പ്രവേശനത്തിനുണ്ടായ കുറവിന് കാരണം പരിശോധിച്ചിട്ടുണ്ടോ; | (സി) | പരിശോധിച്ചിട്ടുണ്ട്. ഓരോ വർഷവും സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വരുന്ന വ്യത്യാസം പരിശോധിക്കാറുണ്ട്. ജനസംഖ്യയിലെ ആനുപാതികമായ കുറവ്, ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വർദ്ധനവ് എന്നിവ കാരണമായിട്ടുണ്ട്. |

................2

| | | | |
|---|---|---|---|
| (ഡി) | സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തി അവയുടെ നിലനില്പിനുതകുംവിധമുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) | സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തി അവയുടെ നിലനില്പിനുതകും വിധമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സൗജന്യ പാഠപുസ്തകം, യൂണിഫോം, മെച്ചപ്പെട്ട ഉച്ചഭക്ഷണ പരിപാടി, സമാന്തര ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ. ഇവയിലൂടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ നടത്തിവരുന്നു. കൂടാതെ മെച്ചപ്പെട്ട അദ്ധ്യാപക പരിശീലനം, സ്കൂളുകളിൽ തൽസ്ഥല സഹായ പദ്ധതി (O.S.S.), കഴിഞ്ഞ വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയ ശതമാനം കുറഞ്ഞ സ്കൂളുകൾക്ക് QEPR പദ്ധതി എന്നിവയും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ